CCM( 5) – 2011-12

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
# കോ-ഓർഡിനേഷൻ സമിതി

**ബഹുമാനപ്പെട്ട വ്യവസായ/അർബൻ അഫയേഴ്സ് വകുപ്പുമന്ത്രിയുടെ ചേംബറിൽ 04.01.2012 -ന് രാവിലെ 8 മുതൽ കൂടിയ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ:-**

അദ്ധ്യക്ഷൻ : ശ്രീ. പി. കുഞ്ഞാലിക്കുട്ടി
ബഹു. വ്യവസായ/അർബൻ അഫയേഴ്സ് വകുപ്പു മന്ത്രി

**1. പൊതു വിഷയങ്ങൾ സംബന്ധിച്ച തീരുമാനങ്ങൾ**

**1.1 2011 വാർഷിക പദ്ധതി പുരോഗതി അവലോകനം**

| | | |
|---|---|---|
| 1. ഗ്രാമപഞ്ചായത്ത് | : | 30% പദ്ധതി ചെലവ് ഉണ്ടായിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു |
| 2. ബ്ലോക്ക് പഞ്ചായത്ത് | : | 27% പുരോഗതി കൈവരിച്ചതായും കഴിഞ്ഞ വർഷത്തേക്കൾ 2% ഉയർന്ന നിരക്കാണെന്നും ഗ്രാമവികസന കമ്മീഷണർ അറിയിച്ചു. |
| 3. ജില്ലാ പഞ്ചായത്ത് | : | 20% ന് താഴെയാണെന്ന് അഡീഷണൽ സെക്രട്ടറി അറിയിച്ചു. |
| 4. കോർപ്പറേഷനുകൾ | : | പുരോഗതി പരിശോധിച്ച് കണക്കുകൾ ലഭ്യമാക്കുന്നതിന് നഗരകാര്യ ഡയറക്ടറോട് നിർദ്ദേശിച്ചു. |

**2. പ്രത്യേക വിഷയങ്ങൾ**

**2.1 അജാനൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.67795/ഡി.എ.2/11/തസ്വഭവ) തീയതി 04/01/11**

വനിതകൾക്കുള്ള കന്നുകുട്ടി പരിപാലനം പദ്ധതിക്ക് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.2 കൊല്ലം കോർപ്പറേഷൻ (ഫയൽ നം.63627/എഫ്.എം.2/11/തസ്വഭവ) തീയതി 04/01/11**

എസ്.എസ്.എൽ.സി, +2 പരീക്ഷകളിൽ കൂടുതൽ മാർക്കു നേടിയ വിദ്യാർത്ഥികൾക്ക് 2006-07 മുതൽ സഹായധനം നൽകിയത് അംഗീകരിച്ച് നൽകണമെന്ന അപേക്ഷ അനുവദിക്കുന്നു. മേലിൽ അംഗീകാരം ഇല്ലാത്ത ചെലവുകൾ കർശനമായി ഒഴിവാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.3 തിരുവനന്തപുരം നഗരസഭ (ഫയൽ നം. 77926/ഡി.ബി.1/10/തസ്വഭവ) തീയതി 04/01/11**

ശ്രീ. ജയൻ, അയ്യമംഗലത്തു മേലെ എന്നയാളെ ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താവായി ഉൾപ്പെടുത്തുന്നതിന് അനുമതി നൽകുന്നു. മൈത്രി ഭവന പദ്ധതിയിൽ നിന്നു വാങ്ങിയ തുക തിരിച്ചടയ്ക്കുകയോ, തനതുഫണ്ടിൽ നിന്നുള്ള ഗ്രാന്റായി നഗരസഭ മാറ്റുകയോ ചെയ്യേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.4 എറണാകുളം ജില്ലാ പഞ്ചായത്ത് (ഫയൽ നം. 69919/എ.എ2/11/തസ്വഭവ) തീയതി 04/01/11**

ജില്ലാ പഞ്ചായത്തിന്റെ കൈവശമുള്ള 11,73,96,689/- രൂപ ത്രിതല പഞ്ചായത്തുകൾക്ക് ഗുണകരമാകുന്ന ഏതെങ്കിലും പദ്ധതിയിൽ മുടക്കുന്നതിന് ഈ തുക ആദ്യം ഒടുക്കിയ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെ അഭിപ്രായ സമന്വയവും അനുവാദവും ലഭ്യമാക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.5 പൂതക്കുളം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 63618/ഡി.എ2/11/തസ്വഭവ) തീയതി 04/01/11**

ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പിനായി തയ്യാറാക്കിയ പദ്ധതിയിൽ ബ്ലോക്ക്, ജില്ല പഞ്ചായത്തുകളുടെ ഷെയർ (5:3:2 അനുപാതത്തിൽ) ഈ വർഷം ലഭ്യമകാത്തതിനാൽ ഗ്രാമപഞ്ചായത്തു മുഴുവൻ തുകയും ചെലവ് ചെയ്യുന്നതിനുള്ള പ്രോജക്ട് അംഗീകരിക്കുന്നു.

അടുത്ത വർഷം മുതൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ ഷെയർ ആദ്യം തന്നെ തയ്യാറാക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.6 മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് (ഫയൽ നം.66319/എഫ്.എം.2/11/തസ്വഭവ) തീയതി 04/01/11**

റിവോൾവിംഗ് ഫണ്ട് അനുവദിക്കുമ്പോൾ 6 മാസമായി പ്രവർത്തിക്കുന്ന ഗ്രൂപ്പുകളുടെ എണ്ണം, ബാങ്ക് അക്കൗണ്ട് ഉണ്ട്, എന്ന വിവരങ്ങൾ പരിശോധിച്ച് ഉറപ്പാക്കണം എന്ന നിബന്ധനയോടെ അനുവദിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.7 നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 54952/ഡി.എ.2/11/തസ്വഭവ) തീയതി 04/01/11**

പദ്ധതിയുടെ ഭാഗമായി സംഘാടക സമിതി കൺവീനറുടേയും ചെയർമാന്റേയും പേരിൽ ഒരു നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിക്കന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.8 അയിരൂർ ഗ്രാമപഞ്ചായത്ത് ( ഫയൽ നം. 70319/ഡി.എ.2/11/തസ്വഭവ) തീയതി 04/01/11**

വേൾഡ് ബാങ്ക് ധനസഹായം ധനകാര്യ കമ്മീഷൻ അവാർഡും ഭൂമി വാങ്ങൽ പദ്ധതികൾക്ക് ഉപയോഗിക്കുന്നതിന് അനുമതി നൽകേണ്ടതില്ല.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.9 വെള്ളരട ഗ്രാമപഞ്ചായത്ത് (ഫയൽ നം. 61857/ഡി.എ1/11/തസ്വഭവ) തീയതി 04/01/11**

ജലസ്രോതസ്സ് കാർഷികവൃത്തിക്കുപയോഗിക്കുന്നതാണെന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഡി.പി.സി. സബ് കമ്മിറ്റിയുടെ പരിശോധനയോടെ അനുവാദം നൽകാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.10 വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 60996/ഡി.എ2/11/തസ്വഭവ) തീയതി 04/01/11**

ആദിവാസി കോളനികളിലെ നടപ്പാത കോൺക്രീറ്റ് ചെയ്യുന്ന പദ്ധതിക്ക് DR packing സാങ്കേതികമായി ഫലവത്തോണോ എന്ന് ചീഫ് എഞ്ചിനീയർ പരിശോധിക്കേണ്ട താണെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.11 നിയമസഭാ സമിതി –ലോക്കൽഫണ്ട് അക്കൗണ്ട്സ് (ഫയൽ നം.28511 /എഫ്.എം.1/ 11/തസ്വഭവ) തീയതി 04/01/11**

സംസ്ഥാനതലത്തിൽ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവരടങ്ങുന്ന ഒരു സമിതി രൂപീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വായ്പ വിനിയോഗം, തിരിച്ചടവ് എന്നിവ മോണിട്ടർ ചെയ്യേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.12 പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 70943/ഡി.ഡി1/11/തസ്വഭവ) തീയതി 04/01/11**

RIDF- XVI –ൽ ഉൾപ്പെടുത്തുന്ന പദ്ധതി ടെണ്ടർ ചെയ്യുന്നതിന് 6 മാസം ദീർഘിപ്പിച്ചു നൽകണമെന്ന ആവശ്യം ഫിനാൻസ് വകുപ്പിന് അയയ്ക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.13 അയർക്കുന്നം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 49309/ഡി.എ2/11/തസ്വഭവ) തീയതി 04/01/11**

വനിതകൾക്കുള്ള കന്നുകുട്ടി പരിപാലന പദ്ധതിക്ക് അംഗീകാരം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.14 തൃക്കടവൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 64316/എഫ്.എം.3/11/തസ്വഭവ), ഫയൽ നം. 64492/ഡി.എ.2/11/തസ്വഭവ) തീയതി 04/01/11**

ഫയലിൽ കാണുന്നതുപോലെ 600 പട്ടികജാതി കുടുംബങ്ങളുണ്ടോ എന്ന് കൂടുതൽ പരിശോധനയ്ക്കായി അടുത്ത യോഗത്തിലേയ്ക്ക് മാറ്റി വച്ചു.

(നടപടി: സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ്)

**2.15 തെന്മല ഗ്രാമപഞ്ചായത്ത് (ഫയൽ നം. 64764/ഡി.എ2/11/തസ്വഭവ) തീയതി 04/01/11**

പദ്ധതി പൂർത്തിയാക്കുന്നതിന് കണ്ണട വിതരണം ചെയ്യേണ്ടത് ആവശ്യമാകയാൽ അനുമതി നൽകുന്നു. മേലിൽ അംഗീകൃത നിബന്ധനകൾക്ക് വിരുദ്ധമായ പദ്ധതി തയ്യാറാക്കരുതെന്ന് നിർദ്ദേശിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.16 ഐ.കെ.എം സെർവർ കമ്പ്യൂട്ടറിന്റെ വാർഷിക പരിപാലന ചെലവ്**
**(ഫയൽ നം. 1553/ഐ.ബി.1/11/തസ്വഭവ) തീയതി 04/01/11**

ഐ.കെ.എം. ന് 7223/- രൂപ വീതം ഒടുക്കുന്നതിന് പത്തനംതിട്ട ജില്ലാ പഞ്ചായത്തിനും 6 ഗ്രാമപഞ്ചായത്തുകൾക്കും 5 ബ്ലോക്ക് പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകുന്നു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.17 വയനാട് ജില്ലാ പഞ്ചായത്ത് (ഫയൽ നം. 56095/ഡി.ബി.1/11/തസ്വഭവ) തീയതി 04/01/11**

ജില്ലയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 12 പേർക്ക് ഹോട്ടൽ മാനേജ്മെന്റ്, 60 പേർക്ക് പി.എസ്.സി പരീക്ഷ എഴുതുന്നതിൽ പരിശീലനം എന്നിവയ്ക്കായി തയ്യാറാക്കിയ പദ്ധതി അംഗീകരിക്കുന്നു. എന്നാൽ കോഴ്സിനുള്ള ഫീ കുറയ്ക്കുവാൻ ശ്രമിക്കേണ്ടതാണ്.

**2.18 വയനാട് ജില്ലാ പഞ്ചായത്ത് (ഫയൽ നം. 56098/ഡി.ബി.1/11/തസ്വഭവ) തീയതി 04/01/11**

കൂടുതൽ പരിശോധനയ്ക്കായി അടുത്ത യോഗത്തിലേയ്ക്ക് മാറ്റി വച്ചു.

(നടപടി: സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ്)

**2.19 ആലപ്പുഴ ജില്ലാ പഞ്ചായത്ത് (ഫയൽ നം.70373/ഡി.ബി.1/11/തസ്വഭവ) തീയതി 04/01/11**

1) 153/12 – ക്ഷീര സഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് – അനുമതി നൽകുന്നു

2) 176/12– തെരഞ്ഞെടുത്ത പഞ്ചായത്തുകൾക്ക് മാതൃകാ കൃഷിത്തോട്ടം – സബ്സിഡി മാനദണ്ഡം പാലിച്ച് നടപ്പാക്കേണ്ടതാണ്

3) 177/12 പാതയോര പച്ചക്കറി കൃഷി വ്യാപനം – സബ്സിഡി മാനദണ്ഡം പാലിച്ച് നടപ്പാക്കേണ്ടതാണ്

4) 178/12– പുഷ്പജാലകം – പൂർണ്ണമായും വനിതാ ഗ്രൂപ്പുകൾക്ക് ആയിരിക്കണം എന്ന നിബന്ധനയോടെ – അനുമതി നൽകുന്നു

5) 355/12, 356/12, 358/12, 359/12, 360/12, 362/12, 364/12, 365/12, 368/12, 369/12, 370/12, 371/12, 387/12, 418/12– കോളനി അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള ഈ പദ്ധതികൾക്ക് മുൻഗണന റോഡ് പണികൾക്കാകരുത് എന്ന നിബന്ധനയോടെ അനുവാദം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

6) 388/12– ക്ഷീര വികസന വകുപ്പ് ക്വാളിറ്റി കൺട്രോൾ യൂണിറ്റിന് മൊബൈൽ ഡയറി ലബോറട്ടറി – ആവർത്തന ചെലവും തസ്തിക സൃഷ്ടിക്കലും സംബന്ധിച്ച ക്ഷീര വികസന വകുപ്പിന്റെ റിമാർക്സ് ആവശ്യമാണ്

7) 289/12– തെരഞ്ഞെടുത്ത സ്ക്കൂളുകളിൽ സ്ക്കൂൾ ബസ് വാങ്ങുന്നതിന് പി.റ്റി.എയ്ക്ക് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ – സർക്കാർ സ്ക്കൂളുകളിലെ കുട്ടികൾക്ക് ഉപയോഗിക്കുന്നതിനുള്ള ബസ് വാങ്ങുന്നതിന് പി.ടി.എ ക്ക് 75% വിഹിതം നൽകുന്ന പദ്ധതി അംഗീകരിക്കുന്നു. ആവർത്തന ചെലവുകൾ പി.ടി.എ തന്നെ വഹിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.20 ബഡ്സ് സ്ക്കൂൾ– ഹോണറേറിയം വർദ്ധിപ്പിക്കുന്നത് (ഫയൽ നം. 66695/ഐ.എ1/ 11/തസ്വഭവ) തീയതി 04/01/11**

24.07.2007 സർക്കാർ ഉത്തരവ് പ്രകാരം ബഡ്സ് സ്ക്കൂൾ ടീച്ചർമാർക്ക് ഹോണറേറിയം 3000 രൂപ ആയി നിശ്ചയിച്ചിരുന്നത് 3400 രൂപയായി വർദ്ധിപ്പിക്കുന്നു.

ടീച്ചർമാരുടെ യോഗ്യതയും ഹോണറേറിയവും ഡി.ഡി.ആർ.എസ് നിശ്ചയിച്ചിട്ടുള്ള താഴെ പറയും പ്രകാരം ആയിരിക്കേണ്ടതാണെന്നും ഈ യോഗ്യത ഉള്ള ടീച്ചർമാരെ ലഭിക്കുന്നതുവരെ നിലവിലുള്ള ടീച്ചർമാർ തുടരേണ്ടതും അവർ അടുത്ത 5 വർഷത്തിനുള്ളിൽ ഈ യോഗ്യത നേടേണ്ടതുമാണ്.

| | തസ്തിക | യോഗ്യത | ഹോണറേറിയം |
|---|---|---|---|
| 1 | ഗ്രാഡുവേറ്റ് ടീച്ചർ | ബിരുദത്തോടുകൂടിയ ഡി.എസ്.സി (എം.ആർ) ഡിപ്ലോമയും ഒരു വർഷത്തെ മുൻ പരിചയവും | 5,800 രൂപ |
| 2 | അസിസ്റ്റന്റ് ടീച്ചർ | ബിരുദം, സ്പെഷ്യൽ എഡ്യൂക്കേഷൻ ഡിപ്ലോമ, അല്ലെങ്കിൽ ബിരുദത്തോടു കൂടിയ ഡി.എസ്.സി. (എം.ആർ) ഡിപ്ലോമ, ഒരു വർഷത്തെ മുൻ പരിചയവും | 3,800 രൂപ |

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.21 എറണാകുളം ജില്ലാ പഞ്ചായത്ത് (ഫയൽ നം. 69913/എഫ്.എം.1//11/തസ്വഭവ) തീയതി 04/01/11**

ഗ്രാമപഞ്ചായത്തുകൾ കൈമാറി തന്നിട്ടുള്ളതും 8 മീറ്ററെങ്കിലും വീതിയുള്ളതുമായ റോഡുകൾക്കു കൂടി ജില്ലാ പഞ്ചായത്തിന്റെ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതാണ്.

കൈമാറിയ റോഡുകൾ റോഡ് രജിസ്റ്ററിൽ തീരുമാനം സഹിതം രേഖപ്പെടുത്തേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.22 പാണാവള്ളി ഗ്രാമപഞ്ചായത്ത് (ഫയൽ നം. 58596/ഡി.എ2//11/തസ്വഭ) തീയതി 04/01/11**

പട്ടികജാതി വീട് കല്ലുകെട്ടി സംരക്ഷിക്കുന്നതിന് ഓരോ പണിക്കും പ്രത്യേകം എസ്റ്റിമേറ്റ് വേണ്ടതാണെന്നും, ഫീസിബിലിറ്റി പരിശോധിക്കേണ്ടതാണെന്നുള്ള നിബന്ധനയോടെ അംഗീകരിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.23 മാങ്കുളം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 43191/ഡി.ബി1//11/തസ്വഭ) തീയതി 04/01/11**

സ്പോർട്സ് താരങ്ങൾക്ക് സമ്മാനം നൽകുന്നതിന് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ മാനദണ്ഡങ്ങൾ അംഗീകരിക്കുന്നു.

സനന്ദർ രാജിന് ഈ മാനദണ്ഡം അനുസരിച്ച് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകാവുന്നതാണ്.

കുമാരി ടോണിയ ചാക്കോയ്ക്ക് പട്ടയമില്ലാത്ത ഭൂമി മാത്രമുള്ള സാഹചര്യത്തിൽ അതിൽ വീട് നിർമ്മിക്കുന്നതിന് ആനുകൂല്യം നൽകാനാവില്ല.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. അജണ്ടക്കുപുറമേ**

3.1 ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകളുടെ എൽ.എസ്.ജി.തല പുനസംഘടന പഞ്ചവൽസര പദ്ധതിയുടെ മാർഗരേഖ, എന്നിവ സംബന്ധിച്ച ഉത്തരവുകൾ ഈ മാസം തന്നെ പുറപ്പെടുവിക്കേണ്ടതാണ്.

3.2 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതത്തിൽ നിന്നും ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നത് പട്ടികജാതി വിഭാഗത്തിന് 2,00,000/-(രണ്ടു ലക്ഷം രൂപ) പട്ടികവർഗ വിഭാഗത്തിന് 2,50,000/- (രണ്ടു ലക്ഷത്തി അൻപതിനായിരം രൂപ) രൂപയായും വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു.

3.3 സാധന സാമഗ്രികൾ സ്റ്റോക്ക് ചെയ്തു കഴിഞ്ഞ് സി.റ്റി.ഇ.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിലവിലുള്ള നിബന്ധന ചെറിയ പദ്ധതികളുടെ കാര്യത്തിലെങ്കിലും ഒഴിവാക്കണമെന്നുള്ള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ ആവശ്യം ചർച്ച ചെയ്തു. തൽക്കാലം നടപടി ആവശ്യമില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവില 9.00 മണിക്ക് അവസാനിച്ചു)

********